# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2512 — 05/11/2019-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം<br><br>**ശ്രീ.പി.ടി.എ. റഹീം** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര ചെറുകിട ജലവൈദ്യുത പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ കോഴിക്കോട് ജില്ലയിൽ ചെമ്പുക്കടവ് ഒന്നാം ഘട്ടം, ചെമ്പുക്കടവ് രണ്ടാം ഘട്ടം, ഉറുമി ഒന്നാം ഘട്ടം, ഉറുമി രണ്ടാം ഘട്ടം, പൂഴിത്തോട്, വിലങ്ങാട്, കക്കയം, കുറ്റ്യാടി ടെയിൽ റേസ് എന്നിവയാണ് പൂർത്തീകരിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ, ചാത്തൻകോട്ടുനട രണ്ടാം ഘട്ട പദ്ധതി (6 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പണി നടന്നുവരുന്നു.<br><br>കോഴിക്കോട് ജില്ലയിൽ സ്വകാര്യ സംരംഭകർ വഴി നിർമ്മാണം പൂർത്തീകരിച്ച പാതംകയം ചെറുകിട ജലവൈദ്യുത പദ്ധതിയും നിർമ്മാണത്തിലിരിക്കുന്ന അരിപ്പാറ, ആനക്കാംപോയിൽ എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുമാണ് ഉള്ളത്. |
| (ബി) | പുതുതായി ഏതൊക്കെ പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ<br><br>1. ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി — 5 മെഗാവാട്ട്<br>2. പൂവാരം തോട് ചെറുകിട ജലവൈദ്യുത പദ്ധതി — 3 മെഗാവാട്ട്<br>3. മരിപ്പുഴ ചെറുകിട ജല വൈദ്യുത പദ്ധതി — 6 മെഗാവാട്ട്<br>4. ചെമ്പുക്കടവ് മൂന്നാം ഘട്ടം ചെറുകിട ജല വൈദ്യുത പദ്ധതി — 7.5 മെഗാവാട്ട്<br><br>സ്വകാര്യമേഖലയിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>കക്കാടാംപോയിൽ രണ്ടാം ഘട്ടം - 11 MW |

| | | | |
|---|---|---|---|
| | | | കിള്ളിക്കല്ല് - 3 MW<br>ഓനിപ്പുഴ - 1.5 MW |
| (സി) | ഓരോ പദ്ധതിക്കും പ്രതീക്ഷിക്കുന്ന ചെലവ് എത്ര വീതമാണ്; | (സി) & (ഡി) | ഒലിക്കൽ, പൂവാരം തോട് പദ്ധതികൾക്ക് 106.88 കോടി രൂപയും, മരിപ്പുഴ പദ്ധതിക്ക് 80.936 കോടി രൂപയും ചെമ്പുക്കടവ് മൂന്നാം ഘട്ട പദ്ധതിക്ക് 87.731 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത നാല് പദ്ധതികൾക്കും സർക്കാരിന്റേയും ബോർഡിന്റേയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഏതെങ്കിലും പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; | | |
| (ഇ) | പുതുതായി നിർദ്ദേശിക്കപ്പെട്ട ഓരോ പദ്ധതികളുടെയും നിലവിലുള്ള സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ? | (ഇ) | ഒലിക്കൽ, പൂവാരം തോട് പദ്ധതികൾക്കാവശ്യമായ മുഴുവൻ സ്വകാര്യ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മരിപ്പുഴ, ചെമ്പുക്കടവ് മൂന്നാം ഘട്ടം എന്നീ പദ്ധതികൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ നടപടികൾ പുരോഗമിച്ചു വരുന്നു.<br>സ്വകാര്യമേഖലയിൽ പുതുതായി നിർദ്ദേശിക്കപ്പെട്ട പദ്ധതികളായ<br>കക്കടാംപോയിൽ രണ്ടാം ഘട്ടം - 11 MW<br>കിള്ളിക്കല്ല് - 3 MW<br>ഓനിപ്പുഴ - 1.5 MW<br>എന്നിവയുടെ പ്രാരംഭ പഠന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ